# ഗട്ടറിന്റെ പ്രയോജനം

സഞ്ജയൻ



ഗട്ടറിന്റെ പ്രയോജനം

സഞ്ജയൻ

(മലയാളം: ലേഖനം)

© 2021, Sanjayan.

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: A Roman Road, a painting by Nicolas Poussin (1594–1665). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

## ഗട്ടറിന്റെ പ്രയോജനം

ഈയിടെയായി സഞ്ജയൻ എഴുതുവാൻ ആഭ്യസിച്ചുവരുന്ന പത്രഭാഷയിൽ പറയുകയാണെങ്കിൽ, സഞ്ജയന്റെ മനഃസ്ഥിതി വിപ്ലവപരമല്ലാത്തതും സമാധാനപരമായതും ആണ്. എന്നു വെച്ചാൽ, ആളുകൾക്ക് മനസ്സിലാകുന്ന ഭാഷയിൽ, വിപ്ലവം തെക്കോട്ടു പോകുമ്പോൾ സഞ്ജയൻ നേരെ വടക്കോട്ടേക്ക് നടക്കുമെന്നാണർത്ഥം. ഈ കാരണംകൊണ്ട് കഴിഞ്ഞ വെള്ളിയാഴ്ച രാത്രി കല്ലായി റോഡിൽവെച്ച നടന്ന ലഹളയിൽ പങ്കുകൊള്ളാത്തതിനെപ്പറ്റിയും, അത് കണ്ടുനിൽക്കാത്തതിനെപ്പറ്റിയും, ആകെക്കൂടി നോക്കുന്നതായാൽ, സഞ്ജയന്ന് സന്തോഷമാണുള്ളത്, പക്ഷേ, തീർത്താൽ തീരാത്ത ഒരു വ്യസനവുമുണ്ട്. അതിനെക്കുറിച്ച് പറയുന്നതിന്നുമുമ്പ് ലഹളയുടെ ആരംഭത്തെ ലഘുവായി വിവരിക്കാം.

* * *

ഒരു മിനുട്ട് ക്ഷമിക്കിൻ—ആ പേര് ഞാൻ ഒന്നുകൂടി റിഫർ ചെയ്യട്ടെ—മതി. നമ്മുടെ ജനാബ് ഹർജി അബ്ദുൾസത്താർ ഹാജി ഇസ്സാക്ക് സേട്ടു സാഹിബ് ബഹദൂർ അസംബ്ലി തിരഞ്ഞെടുപ്പിൽ വിജയിയായ വിവരം അദ്ദേഹത്തിന്റെ കക്ഷിക്കാർ വെള്ളിയാഴ്ച ഉച്ചതിരിഞ്ഞപ്പോളറിഞ്ഞു. ഈ വിവരം അദ്ദേഹത്തിന്റെ കക്ഷിക്കാരറിഞ്ഞ വിവരം അഞ്ചു മിനിട്ടിന്നകത്ത് കോഴിക്കോട്ട് മുനിസിപ്പാലിറ്റിയിലെ കമ്പിത്തൂണുകൾകൂടി അറിഞ്ഞു, രാത്രി പ്രസ്തുത വിജയത്തെ പ്രമാണിച്ച് ആയിരത്തിൽ ചില്വാനം ആളുകളടങ്ങിയ ഒരു ഘോഷയാത്ര ഗാസ്‌വിളക്കുകളോടും ബാന്റുവാദ്യത്തോടും കീ—ജെ. വിളിയോടും ആർഭാടത്തോടുംകൂടി നഗര പ്രദക്ഷിണത്തിന്നൊരുങ്ങി. കല്ലായി റോഡിൽവെച്ച് ചിലർ ഈ ഘോഷയാത്രയെ തടഞ്ഞു. വാക്കേറ്റമായി. കശപിശയായി. തിക്കും തിരക്കുമായി. ഉന്തുംതള്ളുമായി. പാച്ചലും വീഴലുമായി. പൊട്ടലും പൊളിയലുമായി. ബഹളമായി. ലഹളയായി. കലാപമായി. "കുലുകുല"മായി.

* * *

ബാന്റുവാദ്യക്കാർ ആദ്യം ഓടിയെന്നു പറയേണ്ടതില്ലല്ലോ. ഈ പാവങ്ങളാണ് മുന്നിൽ പോകേണ്ടുന്നത്. അവർ പാർട്ടിയും കീർട്ടിയും ഒന്നും ഇല്ലാത്ത കൂട്ടരാണ്. കൂലികൊടുത്താൽ "പ—പെപ്പര പെരപെര"യെന്നു പറഞ്ഞ് ആരുടെ മുന്നിലും അവർ നടക്കും. ആ സാധുക്കളുടെ കഷ്ടപ്പാട് നോക്കിൻ! എനി മെലിൽ ഇത്തരം ഘോഷയാത്രകളുടെ പിന്നിൽ മാത്രമേ തങ്ങൾ നടക്കുകയുള്ളൂ, എന്ന് അഖിലഭാരതബാന്റുകാരുടെ കോൺഫ്രൻസിൽ വെച്ച് അവർ തീർച്ചപ്പെടുത്തുവാൻ ഭാവമുണ്ടെന്ന് കേട്ടു. അതിരിക്കട്ടെ. ബാന്റുകാരുടെ ഈ പാച്ചൽ കാണ്മാൻ സാധിക്കാതെ പോയതിനാലാന്ന് സഞ്ജയന്ന് വലിയ വ്യസനമുള്ളത്. നിങ്ങൾ ബാന്റിൽ പാത്തിചികിത്സക്കാർക്ക് വെള്ളം കാച്ചുവാൻ ഉപയോഗിയ്ക്കപ്പെടുന്ന ചെമ്പോളം വലിപ്പമുള്ള ഒരു ഗംഭീര "ഡ്രം" കണ്ടിട്ടുണ്ടോ? അത് ദേഹത്തോട് കെട്ടിയുറപ്പിച്ച വിദ്വാൻ മരണഭയത്തോടുകൂടി ഓടിയ ഓട്ടം ഒന്ന് കണ്ണു ചിമ്മി ആലോചിച്ചു നോക്കുവിൻ! എന്തൊരു മായാത്ത ചിത്രമാണത്! മാനിന്റെ ചുറ്റും ചുറഞ്ഞ പേരുമ്പാമ്പിനെപ്പോലെ ദേഹത്തെ ചുറ്റിക്കിടക്കുന്ന ആ വലിയ കോളാമ്പിക്കുഴൽ വഹിച്ച മനുഷ്യന്റെ പാച്ചലും സ്മരണീയമാണ്.

* * *

എനിയൊരു പ്രാവശ്യം ഇത്തരമൊരു ഘട്ടത്തിൽ ബാന്റുവാദ്യത്തോടുകൂടി ഒരു ഘോഷയാത്രയുണ്ടാകുന്നുണ്ടെങ്കിൽ ആ വിവരം ദയചെയ്തു സഞ്ജയനെ അറിയിക്കണേ. അടി ഒന്നോ രണ്ടോ കൊണ്ടാൽ എന്താണ്? കാണേണ്ടതു് കണ്ടു, എന്നുള്ളതു് വലിയ സമാധാമല്ലേ?

* * *

അടിച്ചവർ ഉപയോഗിച്ച പ്രധാന ആയുധങ്ങൾ ചെരിപ്പ്, സോഡാക്കുപ്പി, സർവ്വത്തുകുപ്പി ഇവയായിരുന്നുപോലും. അടുത്തവർ അധികവും മുഖംകൊണ്ടുതന്നെയാണ് തടുത്തതെന്നു കേട്ടു.

> അതുസമയേ ബത ലാത്തിയുമായി-
> പ്പതിയേമക്കാർ വരവുതുടങ്ങി.
> 'ഹും' കാരത്തോടിടവും വലവും
> ശങ്കവെടിഞ്ഞവർ തച്ചുതുടങ്ങി.
> സേട്ടുകളും...

**പത്രാധിപർ:** സേട്ടുകളോ?

**സഞ്ജയൻ:** 'സേട്ടുമാർ' എന്നാണ് വേണ്ടതെന്ന് തോന്നുന്നു. പക്ഷേ, വൃത്തം ഒപ്പിക്കണ്ടേ?

> സേട്ടുകളും, പല കുട്ടികളും,
> ചില പട്ടന്മാരും, കോമട്ടികളും,
> കോട്ടം വിട്ടൊരു ചെട്ടികളേ,
> വേറെക്കൂട്ടംകൂടും കൂട്ടക്കാരും,
> പട്ടാണികളും, വോട്ടുപിടിപ്പാനൊ-
> ട്ടേറെപ്പണിചെയ്തുള്ളവരും,
> ഗോഷ്ടികൾ കാട്ടും ചേട്ടകളും,
> പരിതുഷ്ടിയൊടൊത്തു വിളിക്കുന്നവരും,
> നായന്മാരും, തിയ്യരു, മനവധി
> തോയന്മാരും തോന്ന്യാസികളും,
> ശുണ്ഠികടിക്കും മേധാവികളും,
> ശണ്ഠ പിടിക്കും മൂധേവികളും,
> മലയാളികളും, പരദേശികളും,
> തലയാളികളും, തൊഴിലാളികളും,
> ധാരാളികളും ദീപാളികളും,
> പോരാളികളും, കോമാളികളും,
> പെരുവഴിപോകം പാന്ഥന്മാരും,
> തെരുവിൽത്തെണ്ടും മണ്ടന്മാരും.

**പത്രാധിപർ:** താൻ മതിയാക്കുന്നോ ഇല്ലയോ?

**സഞ്ജയൻ:** എന്നാൽ മട്ടു മാറ്റാം,

* * *

(മട്ടു മാറി)

> വിവിധജനമിത്തരം നാലുപാടും തദാ
> വിധിവിഹിതമിത്ഥമെന്നോർത്തു പായുംവിധൌ
> പെരുവഴിയിൽ വീണുടൻ മുട്ടുകൾ പൊട്ടിയും
> തരുനിരയിൽ മുട്ടിയും മുഷ്കുകൾ കാട്ടിയും
> തമിഴു മലയാളവും ഹിന്ദിയും ഹുണിയും
> തെരുതെരെയുതിർക്കയും തല്ലുകൾ കൊൾകയും
> അതിമലിനവാട്ടറും നാറ്റവും ചേർന്നിടും
> നരകസമഗട്ടറിൽച്ചാടിപ്പതിക്കയും,
> പലതരമുഴന്നവറൊക്കെയും ചൊല്ലുകിൽ
> ശിവ, ശിവ നിറഞ്ഞുപോം പത്രികാപംക്തികൾ.

**പത്രാധിപർ:** അത് ഏതായാലും വേണ്ട!

**സഞ്ജയൻ:** ഞാൻ തമാശ പറഞ്ഞതാണങ്ങുന്നേ!

* * *

ഈ അടിയും പിടിയുമൊക്കെക്കണ്ട് ഭയന്ന് ഒരു ഗ്രഹപ്പിഴക്കാരൻ നിരത്തിന്ന് ഒരു വശത്തുള്ള ഒരു ഷാപ്പിന്റെ വരാന്തയിൽച്ചാടിക്കയറി താൻ രക്ഷപ്രാപിച്ചു എന്ന നിലയ്ക്ക് നിന്നിരുന്നു. പക്ഷേ, രാമേശ്വരത്തു പോയാലും ശനീശ്വരൻ കൂടെയുണ്ടായിരിക്കുമെന്ന് അയാൾ ആലോചിച്ചില്ല. ഒരടി കിട്ടിയതോടുകൂടി അദ്ദേഹം ഓവിൽ മറിഞ്ഞുവീണു. പാളത്തിലെ ഗട്ടറാണ്. അത് മറക്കരുത്. "അടി സാരമില്ല; ആ വീഴ്ചയാണ് കഠിനം" എന്ന് അയാൾ പറഞ്ഞുവത്രെ. മേപ്പടിയാൻ ഇപ്പോൾ എവിടെയുണ്ടെന്നറിയുന്നില്ല. ഐഹികസുഖങ്ങളുടെ തുച്ഛത മനസ്സിലാക്കി സന്യസിച്ചുകളഞ്ഞു എന്ന് ചിലർ പറയുന്നു. ഒരു വണ്ടി സോപ്പുംകൊണ്ട് പ്രയാഗയ്ക്കു പോയിട്ടുണ്ടെന്നാണ് മറ്റൊരു പ്രസ്താവം. ജന്മാന്തരങ്ങളിൽച്ചെയ്ത പാപം മുഴുവൻ ഒരൊറ്റ മിനുട്ടുകൊണ്ട് നശിച്ചു പോയതിനാൽ പ്രസ്തുതനെ ദേവകൾ താങ്ങിയെടുത്ത് സ്വർഗ്ഗത്തിൽ കൊണ്ടുപോയി ആകാശഗംഗയിൽ കുളിപ്പിച്ചുവെന്നും, കുളി കഴിഞ്ഞതിന്നുശേഷം ആകാശഗംഗ കടുക്കമഷിപോലെ, കാളിന്ദിപോലെ, കറുത്തുപോയെന്നും ഒരു കവി ഉൽപ്രേക്ഷിക്കുന്നു.

* * *

ഈ സംഭവം നോട്ടുചെയ്യുവാൻ ഗവർമ്മേണ്ടോട്ട് സഞ്ജയൻ ഉപദേശിക്കുന്നു. സത്യാഗ്രഹസമരം എനി എപ്പോഴെങ്കിലും തുടങ്ങിയാൽ വളണ്ടിയർമാരെ അടിയ്ക്കരുതെന്ന് സഞ്ജയൻ ശിപാർശിചെയ്യുന്നു. ഭീരുക്കൾ മാത്രമേ അടി പേടിക്കുകയുള്ളൂ. പിക്കറ്റുചെയ്യുന്നവരെ ഓരോന്നായി പാളയത്തിലെ ചാലിൽ പിടിച്ചുമുക്കുമെന്ന് ഗവർമ്മേണ്ട് പ്രഖ്യാപനം ചെയ്താൽ മതി. ഒരൊറ്റക്കുട്ടിയെ പുറത്തു കാണുകയില്ലെന്ന് സഞ്ജയൻ ഗ്യാരണ്ടി ചെയ്യുന്നു.

* * *

അടിയെസ്സംബന്ധിച്ചേടത്തോളം ആകെ അടികളുടെ ഒരു കണക്കെടുക്കുവാൻ, വേറെ പണിയൊന്നും തല്ക്കാലം ഇല്ലാത്തതുകൊണ്ട് ചില തിരഞ്ഞെടുപ്പ് ഏജന്റുമാർ ഒരുങ്ങീട്ടുണ്ടെന്നറിയുന്നു. അടികളെ ഘോഷയാത്രക്കാർക്കു കിട്ടിയതു്, തടഞ്ഞുനിർത്തിയവർ വാങ്ങിയതു്, കാണികൾ കൊണ്ടതു്, ഇൻവേലിഡ്ഡ് അടികൾ (ആർക്കും കൊള്ളാതെ പോയതു്) ഇങ്ങനെ തരംതിരിച്ച് എണ്ണിക്കണക്കാക്കി ഒരു സ്റ്റേറ്റുമെന്റ് പ്രസിദ്ധപ്പെടുത്തുന്നതാണെന്നു നഗരത്തിൽ ബലമായ പ്രസ്താവമുണ്ട്.

21-11-'34

□

## സഞ്ജയൻ



പ്രശസ്തനായ ഒരു മലയാള സാഹിത്യകാരനാണ് സഞ്ജയൻ. സഞ്ജയൻ എന്നത് തൂലികാനാമമാണ്, യഥാർത്ഥനാമം മാണിക്കോത്ത് രാമുണ്ണിനായർ (എം. ആർ. നായർ) എന്നാണ്. (ജനനം: 1903 ജൂൺ 13 – മരണം: 1943 സെപ്റ്റംബർ 13). തലശ്ശേരിക്കടുത്ത് 1903 ജൂൺ 13-നു ജനിച്ചു. തന്റെ കൃതികളിൽ സഞ്ജയൻ, പാറപ്പുറത്തു സഞ്ജയൻ, പി. എസ്. എന്നിങ്ങനെ പലപേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

## കുടുംബം

1903 ജൂൺ 13-നു തലശ്ശേരിക്കടുത്ത് ഒതയോത്ത് തറവാട്ടിൽ മാടാവിൽ കുഞ്ഞിരാമൻ വൈദ്യരുടെയും പാറുവമ്മയുടെയും മകനായാണ് സഞ്ജയൻ ജനിച്ചത്. പിതാവ് തലശ്ശേരി ബാസൽ മിഷൻ ഹൈസ്കൂളിൽ മലയാളപണ്ഡിതനായിരുന്നു. കടത്തനാട്ടു രാജാവ് കല്പിച്ചുകൊടുത്ത സ്ഥാനപ്പേരായിരുന്നു വൈദ്യർ എന്നത്. കവിയും ഫലിതമർമ്മജ്ഞനും സംഭാഷണചതുരനുമായിരുന്ന കുഞ്ഞിരാമൻ വൈദ്യർ 42-ാം വയസ്സിൽ മരിച്ചുപോയി. അച്ഛന്റെ കാലശേഷം രാവുണ്ണിയും സഹോദരങ്ങളും മാടാവ് വിട്ട് ഒതയോത്തേക്കു തിരിച്ചുപോന്നു.

വൈദ്യരുടെ രണ്ടാമത്തെ പുത്രനായിരുന്നു രാമുണ്ണി. രണ്ടു വയസ്സിനു മൂപ്പുള്ള, മൂത്തമകൻ കരുണാകരൻ നായർ റവന്യൂ വകുപ്പിൽ തഹസീൽദാരായിരുന്നു. നല്ല കവിതാവാസനയുണ്ടായിരുന്ന കരുണാകരൻ നായർ രാമുണ്ണി നായർ മരിക്കുന്നതിന് ഒന്നര വർഷം മുമ്പേ മരിച്ചുപോയി.

എം. ആറിന്റെ ഇളയ സഹോദരിയായിരുന്നു പാർവ്വതി എന്ന പാറുക്കുട്ടി. എം. ആറിനു വളരെയധികം വാത്സല്യമുണ്ടായിരുന്ന അനുജത്തിയെ പി. കുട്ടി എന്നായിരുന്നു അദ്ദേഹം വിളിച്ചിരുന്നത്. കോഴിക്കോട്ടു സാമൂതിരി ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന പി. കുഞ്ഞിരാമൻ നായരായിരുന്നു പാറുക്കുട്ടിയുടെ ഭർത്താവ്.

വൈദ്യരുടെ അകാലചരമത്തിനുശേഷം ഏറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, വേണ്ടപ്പെട്ടവരുടെ നിർബന്ധത്തിനു വഴങ്ങി സഞ്ജയന്റെ അമ്മ, പിണറായി പുതിയ വീട്ടിൽ ഡോ. ശങ്കരൻ നായരെ പുനർവിവാഹം ചെയ്തു. ഇങ്ങനെ കുഞ്ഞിശങ്കരൻ, ബാലകൃഷ്ണൻ, ശ്രീധരൻ എനീ പേരുകളിൽ മൂന്ന് അനുജന്മാരെക്കൂടി രാമുണ്ണിയ്ക്ക് ലഭിച്ചു.

## വിദ്യാഭ്യാസം

തലശ്ശേരി ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, ചെന്നൈ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലാണ് പഠിച്ചത്. 1919-ൽ പാലക്കാട് വിക്ടോറിയാ കോളേജിൽ അദ്ദേഹം ഇന്റർമീഡിയറ്റിനു ചേർന്നു.

## സാഹിത്യപ്രവർത്തനം

1927-ൽ ലിറ്ററേച്ചർ ഓണേഴ്സ് ജയിച്ച സഞ്ജയൻ 1936-ലാണ് പ്രശസ്തമായ “സഞ്ജയൻ” എന്ന ഹാസ്യസാഹിത്യമാസിക ആരംഭിക്കുന്നത്. 1938 മുതൽ 1942 വരെ മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് വിശ്വരൂപം എന്ന ഹാസ്യസാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നത്. 1935 മുതൽ 1942 വരെ കോഴിക്കോട് കേരളപത്രികയുടെ പത്രാധിപനായിരുന്ന സഞ്ജയന്റെ പ്രധാനകൃതികൾ സാഹിത്യനികഷം (രണ്ട് ഭാഗങ്ങൾ), സഞ്ജയൻ (ആറ് ഭാഗങ്ങൾ), ഹാസ്യാഞ്ജലി, ഒഥല്ലോ (വിവർത്തനം) തുടങ്ങിയവയാണ്. അദ്ദേഹത്തിന്റെ സഞ്ജയോപഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്. കുഞ്ചൻ നമ്പ്യാർക്കു ശേഷമുള്ള മലയാളത്തിലെ വലിയ ഹാസ്യസാമ്രാട്ടായിട്ടാണ് സഞ്ജയൻ അറിയപ്പെടുന്നത്. കവി, പത്രപ്രവർത്തകൻ, നിരൂപകൻ, തത്ത്വചിന്തകൻ, ഹാസ്യപ്രതിഭ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. പരിഹാസപ്പൂപനിനീർച്ചെടിക്കെടോ ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം.

## മരണം

1943 സെപ്റ്റംബർ 13-നു കുടുംബസഹജമായിരുന്ന ക്ഷയരോഗം മൂർച്ഛിച്ച് അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.